PRINT

Qn No. 1 **Chapter Name:7. നാളെയുടെ ജനിതകം**

**Qn.**

**കോളം A യ്ക്ക് അനുയോജ്യമായി B,C എന്നീ കോളങ്ങൾ ക്രമീകരിച്ച് എഴുതുക.**

| A | B | C |
|---|---|---|
| (a)ജനിതക പശ | (i)അന്യജീനുകൾ വഹിക്കുന്നു | (I)പ്ലാസ്മിഡ് |
| (b)ജനിതക കത്രിക | (ii)ജീനുകളെ മുറിക്കുന്നു | (II)ജങ്ക് ജീൻ |
| (c)വാഹകർ | (iii)പഞ്ചസാര, ഫോസ്ഫേറ്റ് എന്നിവ കൂട്ടിച്ചേർക്കുന്നു | (III) റെസ്ട്രിക്ഷൻ എൻഡോന്യൂക്ലിയേസ് |
| | (iv)ജീനുകളെ കൂട്ടിച്ചേർക്കുന്നു | (IV)ലിഗേസ് |

**Hint.**

| A | B | C |
|---|---|---|
| (a)ജനിതക പശ | (iv)ജീനുകളെ കൂട്ടിച്ചേർക്കുന്നു | (IV)ലിഗേസ് |
| (b)ജനിതക കത്രിക | (ii)ജീനുകളെ മുറിക്കുന്നു | (III) റെസ്ട്രിക്ഷൻ എൻഡോന്യൂക്ലിയേസ് |
| (c)വാഹകർ | (i)അന്യജീനുകൾ വഹിക്കുന്നു | (I)പ്ലാസ്മിഡ് |

***Marks :(3)***

Hide Answer

**Qn No. 2** **Chapter Name:7. നാളെയുടെ ജനിതകം**

**Qn.**

**താഴെ പറയുന്നവയുടെ പരസ്പര ബന്ധം കണ്ടെത്തി ജീൻ ചികിത്സയിൽ അവയുടെ പ്രാധാന്യം വിശദമാക്കുക?**

**എ)ജീൻ മാപ്പിംഗ്**

**ബി)ഹ്യൂമൻ ജീനോം പദ്ധതി**

**Hint.**

**ജീൻ മാപ്പിംഗ് വഴി ജീനുകളെയും അവയുടെ സ്ഥാനവും കണ്ടെത്താൻ സഹായിച്ച പദ്ധതിയാണ് ഹ്യൂമൻ ജീനോം പദ്ധതി. ജീനിന്റെ സ്ഥാനം ഡി.എൻ. എയിൽ എവിടെയാണെന്ന് കൃത്യമായി കണ്ടെത്തുന്നതിനെയാണ് ജീൻ മാപ്പിങ് എന്ന് പറയുന്നത്.**

രോഗങ്ങൾക്ക് കാരണക്കാരായ ജീനുകളെ നീക്കി പകരം പ്രവർത്തന ക്ഷമമായ ജീനുകളെ ഉൾപ്പെടുത്തിയുള്ള ചികിത്സയാണ് ജീൻ ചികിത്സ.

***Marks :(2)***

Hide Answer

**Qn No. 3** ***Chapter Name:7. നാളെയുടെ ജനിതകം***

**Qn.**
ജനിതക എഞ്ചിനീയറിങ്ങുമായി ബന്ധപ്പെട്ട് ജനിതക കത്രിക, ജനിതക പശ ഇവയുടെ പ്രാധാന്യമെന്ത് ?

**Hint.**
ജനിതക കത്രിക - ജീനുകളെ മുറിച്ചുമാറ്റാൻ. ജനിതക പശ - ജീനുകളെ വിളക്കിച്ചേർക്കാൻ.

***Marks :(2)***

Hide Answer

**Qn No. 4** ***Chapter Name:7. നാളെയുടെ ജനിതകം***

**Qn.** ജനിതക എൻജിയറിന്റെ അടിസ്ഥാനം എന്താണ്?

**Hint.** ജീനുകളെ മുറിക്കാനും കൂട്ടിചേർക്കാനും കഴിയുമെന്ന കണ്ടുപിടുത്തമാണ് ഇതിന്റെ അടിസ്ഥാനം ***Marks :(1)***

Hide Answer

**Qn No. 5** ***Chapter Name:7. നാളെയുടെ ജനിതകം***

**Qn.**
ജനിതകസാങ്കേതിക വിദ്യയിലൂടെ ഇൻസുലിൻ ഉത്പാദക ബാക്ടീരിയയെ ഉത്പാദിപ്പിക്കുന്ന പ്രക്രിയയിൽ ചുവടെ നൽകിയ ഓരോ പ്രക്രിയയുടേയും പ്രാധാന്യം എന്തെന്നെഴുതുക.

a ) പ്ലാസ്മിഡ് ഡി.എൻ.എ യെ വേർതിരിച്ചെടുക്കുന്നു.

b ) ഡി.എൻ.എ ബാക്ടീരിയയുടെ കോശത്തിൽ നിക്ഷേപിക്കുന്നു.

c ) മനുഷ്യഡി.എൻ.എ യിൽ നിന്ന് അഭിലഷണീയ ജീനിനെ മുറിച്ചെടുക്കുന്നു.

**Hint.**

**a ) ബാക്ടീരിയയുടെ പ്ലാസ്മിഡ് ഡി.എൻ.എയോടാണ് മനുഷ്യനിൽ നിന്നെടുക്കുന്ന ഇൻസുലിൻ ജീനിനെ ഉൾച്ചേർത്ത് ബാക്ടീരിയയിലേയ്ക്ക് പ്രവേശിപ്പിക്കുന്നത്.**

**b ) മനുഷ്യനിൽ നിന്ന് വേർതിരിച്ചെടുത്ത ജീനിനെ ബാക്ടീരിയയുടെ കോശത്തിൽ നിക്ഷേപിക്കുകയും പെരുകാൻ അനുകൂലമായ സാഹചര്യം നൽകി ഇൻസുലിൻ ഉത്പാദിപ്പിക്കുകയും ചെയ്യുന്നു.**


**c ) മനുഷ്യഡി.എൻ.എ യിൽ നിന്ന് അഭിലഷണീയ ജീനിനെ മുറിച്ചെടുത്താണ് ബാക്ടീരിയയിയലെ പ്ലാസ്മിഡിനോട് കൂട്ടിച്ചേർത്ത് ഇൻസുലിൻ ഉത്പാദിപ്പിക്കുന്നത്.**

***Marks :(3)***

Hide Answer

**Qn No. 6** ***Chapter Name:7. നാളെയുടെ ജനിതകം***

**Qn.**




**a) ചിത്രീകരണം ഏത് ജൈവസാങ്കേതികവിദ്യയെ സൂചിപ്പിക്കുന്നു?**

**(b) ഇത്തരത്തിൽ ഇൻസുലിൻ നിർമ്മിക്കപ്പെടുമ്പോൾ നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടെന്ത്?**

**(c) ഇത് മറികടക്കാൻ ജൈവ സാങ്കേതികവിദ്യ മുന്നോട്ട് വയ്ക്കുന്ന പരിഹാരമെന്ത് ?**

**Hint.**

**(a) ജനിതക എഞ്ചിനീറിങ്**

**(b) ബാക്ടീരിയയെ വളർത്താനും പരിചരിക്കാനുമുള്ള ബുദ്ധിമുട്ട്**

**(c) ബാക്ടീരിയയ്ക്ക് പകരം പരിചരിക്കാൻ എളുപ്പമുള്ള മൃഗങ്ങളെ ഉപയോഗപ്പെടുത്തുക.**

***Marks :(3)***

Hide Answer

**Qn No. 7** ***Chapter Name:7. നാളെയുടെ ജനിതകം***

**Qn.**

**ജനിതക എഞ്ചിനീയറിങ് വഴി പുതിയ ജീനുകൾ ലക്ഷ്യകോശത്തിന്റെ ഭാഗമാകുന്നതെങ്ങനെ?**

**Hint.**

**ഒരു കോശത്തിലെ ജീനിനെ മറ്റൊരുകോശത്തിലെത്തിക്കാൻ ബാക്ടീരിയകളിലെ ഡി.എൻ.എ (പ്ലാസ്മിഡ്) പോലുള്ള വാഹകരെ ഉപയോഗിക്കുന്നു. കൂട്ടിച്ചേർത്ത ജീനുകളുള്ള ഡി.എൻ.എ ലക്ഷ്യകോശത്തിൽ പ്രവേശിപ്പിക്കുന്നു.**

***Marks :(2)***

Hide Answer

**Qn No. 8** ***Chapter Name:7. നാളെയുടെ ജനിതകം***

**Qn.**

**ജനിതക സാങ്കേതികവിദ്യ മനുഷ്യരാശിയ്ക്ക് ഭീഷണിയായി ദുരുപയോഗം ചെയ്യപ്പെടുന്നതിന് ഉദാഹരണങ്ങൾ എഴുതുക.**

**Hint.**

- **തദ്ദേശീയ ഇനങ്ങൾക്ക് ഭീഷണി ഉയർത്തുന്നു.**
- **ജൈവായുധം നിർമ്മിക്കപ്പെടുന്നു.**
- **ജീവികളുടെ സ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റം അനുയോജ്യമായവ (ഇവയിൽ ഏതെങ്കിലും രണ്ടെണ്ണം )**

***Marks :(2)***

Hide Answer

**Qn No. 9** ***Chapter Name:7. നാളെയുടെ ജനിതകം***

**Qn.**

**"ഇനിവരുന്ന കാലഘട്ടത്തിൽ ചികിത്സാരംഗത്ത് ജനിതക എഞ്ചിനീയറിങ് വൻമുന്നേറ്റം ഉണ്ടാക്കും." ഈ പ്രസ്താവനയെ ശാസ്ത്രീയമായി വിലയിരുത്തുക?**

**Hint.**

- രോഗനിർണ്ണയം
- ജീൻ ചികിത്സ
- മരുന്നു തരുന്ന മൃഗങ്ങളും സസ്യങ്ങളും

രോഗപ്രതിരോധശേഷിയും അത്യുൽപാദനശേഷിയുമുള്ള ഇനങ്ങൾ. (ഏതെങ്കിലും നാലെണ്ണം )

***Marks :(4)***

Hide Answer

**Qn No. 10** ***Chapter Name:7. നാളെയുടെ ജനിതകം***

**Qn.**
ഹ്യൂമൻ ജീനോം പദ്ധതി കൂട്ടായ്മയുടെ വിജയമായി കണക്കാക്കാം. പദ്ധതിയുടെ നേട്ടങ്ങളുടെ പശ്ചാത്തലത്തിൽ പ്രസ്താവന വിശകലനം ചെയ്യുക?

**Hint.**
ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ ലാബുകളിൽ സഹകരണത്തിന്റെ അടിസ്ഥാനത്തിൽ ഡി.എൻ.എ യിലെ ജീനുകളുടെ സ്ഥാനം കൃത്യമായി രേഖപ്പെടുത്താൻ കഴിഞ്ഞതോടെ രോഗചികിൽത്സയടക്കം പുതിയ സാധ്യതകൾ തെളിഞ്ഞു. കൂട്ടായ്മയുടെ വിജയം കൊണ്ടുള്ള നേട്ടത്തിന്റെ ഗുണഫലവും എല്ലാവർക്കും കിട്ടേണ്ടതാണ്.

***Marks :(2)***

Hide Answer

**Qn No. 11** ***Chapter Name:7. നാളെയുടെ ജനിതകം***

**Qn.**
ജനിതക സാങ്കേതികവിദ്യ വികാസം പ്രാപിക്കുന്നതിന് മുൻപ് തന്നെ നിത്യ ജീവിതത്തിൽ ജനിതക സാങ്കേതികവിദ്യയുടെ സാധ്യതകൾ മനുഷ്യൻ പ്രയോജനപ്പെടുത്തിയിരുന്നു. നിങ്ങൾ ഈ അഭിപ്രായത്തോട് യോജിക്കുന്നുണ്ടോ? നിങ്ങളുടെ അഭിപ്രായം സാധൂകരിക്കുക.

സ്കോർ-2

**Hint.**
യോജിക്കുന്നു.

യീസ്റ്റ് പ്രയോഗിച്ച് ഭക്ഷ്യ വസ്തുക്കൾ നിർമ്മിച്ചിരുന്നു.

സങ്കരയിനങ്ങളെ ഉത്പാദിപ്പിച്ച് മികച്ചവയെ തെരഞ്ഞെടുക്കുന്നു.

അനുയോജ്യമായ (ഏതെങ്കിലും രണ്ടെണ്ണം)

***Marks :(2)***

Hide Answer

**Qn No. 12** ***Chapter Name:7. നാളെയുടെ ജനിതകം***

**Qn.**

**ഡി.എൻ.എ ഫിംഗർപ്രിന്റിങ്ങിന്റെ ഉപജ്ഞാതാവാര്? ഈ സാങ്കേതിക വിദ്യ കുറ്റാന്വേഷണ രംഗത്ത് എങ്ങനെ സഹായകരമാകുന്നു ?**

**Hint.**

**അലെക് ജെഫ്രി**

**കുറ്റകൃത്യങ്ങൾ നടന്ന സ്ഥലത്തുനിന്നു ലഭിക്കുന്ന ത്വക്കിന്റെ ഭാഗം, മുടി, നഖം, രക്തം, മറ്റു ശരീര ദ്രവങ്ങൾ, എന്നിവയിലെ ഡി.എൻ.എ സംശയിക്കപ്പെടുന്നവരുടെ ഡി.എൻ.എ യുമായി താരതമ്യം ചെയ്ത് യഥാർത്ഥ കുറ്റവാളിയാണോയെന്ന് അറിയാൻ കഴിയുന്നു.**

***Marks :(2)***

Hide Answer

**Qn No. 13** ***Chapter Name:7. നാളെയുടെ ജനിതകം***

**Qn.**

**പദജോഡി ബന്ധം മനസ്സിലാക്കി വിട്ടുപോയ പദം പൂരിപ്പിക്കുക.**

**ജനിതക കത്രിക :റെസ്ട്രിക്ഷൻ എൻഡോന്യൂക്ലിയേസ്**

**ജനിതക പശ :.........................................**

**Hint.**

**ഉത്തരം-**

**ലിഗേസ്**

***Marks :(1)***

Hide Answer

**Qn No. 14** ***Chapter Name:7. നാളെയുടെ ജനിതകം***

**Qn.**

ഇൻസുലിൻ ഉത്പാദന ശേഷിയുള്ള ബാക്ടീരിയകളെ ജനിതകസാങ്കേതിക വിദ്യ വഴി സൃഷ്ടിക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ നൽകിയിരിക്കുന്നു.അവയെ ശരിയായ രീതിയിൽ ക്രമീകരിച്ചെഴുതുക.

a) ബാക്ടീരിയയുടെ ഡി.എൻ.എ വേർതിരിച്ചെടുക്കുന്നു.

b) ഇൻസുലിൻ ഉൽപാദനത്തെ നിയന്ത്രിക്കുന്ന മനുഷ്യ ജീനിനെ മുറിച്ചെടുക്കുന്നു .

c) ഡി.എൻ.എ ബാക്ടീരിയയുടെ കോശത്തിൽ നിക്ഷേപിക്കുന്നു .

d) ബാക്ടീരിയ പ്രവർത്തനക്ഷമമല്ലാത്ത ഇൻസുലിൻ നിർമ്മിക്കുന്നു .

e) ബാക്ടീരിയയ്ക്ക് പെരുകാൻ അനുകൂലമായ സാഹചര്യങ്ങൾ നൽകുന്നു.

f) ഇൻസുലിൻ ഉത്പാദകജീനിനെ DNA യിൽ കൂട്ടിച്ചേർക്കുന്നു.

**Hint.**

ഉത്തരം-

b)ഇൻസുലിൻ ഉൽപാദനത്തെ നിയന്ത്രിക്കുന്ന മനുഷ്യ ജീനിനെ മുറിച്ചെടുക്കുന്നു .

a)ബാക്ടീരിയയുടെ ഡി.എൻ.എ വേർതിരിച്ചെടുക്കുന്നു.

f)ഇൻസുലിൻ ഉത്പാദകജീനിനെ DNA യിൽ കൂട്ടിച്ചേർക്കുന്നു.

c)ഡി.എൻ.എ ബാക്ടീരിയയുടെ കോശത്തിൽ നിക്ഷേപിക്കുന്നു

e)ബാക്ടീരിയയ്ക്ക് പെരുകാൻ അനുകൂലമായ സാഹചര്യങ്ങൾ നൽകുന്നു.

d)ബാക്ടീരിയ പ്രവർത്തനക്ഷമമല്ലാത്ത ഇൻസുലിൻ നിർമ്മിക്കുന്നു .

***Marks :(3)***

Hide Answer

**Qn No. 15** ***Chapter Name:7. നാളെയുടെ ജനിതകം***

**Qn.**

ചുവടെ തന്നിരിക്കുന്ന പ്രസ്താവനകൾക്ക് ഓരോന്നിനും ഉചിതമായ ഒറ്റപ്പദം എഴുതുക.

a) പ്രവർത്തനക്ഷമമല്ലാത്ത ജീനുകൾ

b) ഒരു ജീവിയിലെ മൊത്തം ജനിതക വസ്തുക്കൾ

**Hint.**

(a) ജങ്ക് ജീനുകൾ

(b) ജീനോം

***Marks :(2)***

Hide Answer